©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂൺ 26<br>26th June 2018<br>1193 മിഥുനം 12<br>12th Mithunam 1193<br>1940 ആഷാഢം 5<br>5th Ashadha 1940 | നമ്പർ<br>No. 26 |

# PART III

# Irrigation Department

പുനർ ദർഘാസ് പരസ്യം

നമ്പർ ഡി5-1515/2017-എൻ.എച്ച്.പി. 2018 മേയ് 29.

കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഹൈഡ്രോളജി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെപ്പറയുന്ന പ്രവൃത്തിക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽനിന്നും പ്രവൃത്തിയുടെ പേരെഴുതി മുദ്രവച്ച കവറുകളിൽ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ഇന്ത്യൻ തപാൽ വകുപ്പ് മുഖേന രജിസ്ട്രേഡ് ആയോ സ്പീഡ് പോസ്റ്റ് ആയോ മാത്രമേ സ്വീകരിക്കുകയുള്ളൂ. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ ഓഫീസ് ഉത്തരവാദിയാകുന്നതല്ല. ദർഘാസുകൾ താഴെ പറയുന്ന ദിവസം സമയക്രമമനുസരിച്ച് സ്വീകരിക്കുന്നതും എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥരോ തൽസമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്.

ദർഘാസ് നമ്പർ—4/ഇ.ഇ. ഹൈഡ്രോളജി 2017-18.

പ്രവൃത്തിയുടെ പേര്—എൻ. എച്ച്. പി. A1.1.05.01 ആളൂർ റിവർ ഗേജ്—സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന പുഴയുടെ തീരസംരക്ഷണം.

അടങ്കൽ തുക—` 3,18,000.

ദർഘാസ് പ്രമാണത്തിന്റെ വില—` 700+ജി. എസ്. റ്റി. @ 18%.

നിരതദ്രവ്യം—` 8,000.

ദർഘാസുകൾ വിൽക്കുന്ന തീയതിയും സമയവും—26-6-2018 മുതൽ 28-6-2018 വരെ പ്രവർത്തി സമയങ്ങളിൽ 4 മണി വരെ.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—6-7-2018 വൈകുന്നേരം 3 മണി വരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—6-7-2018, വൈകുന്നേരം 3.30 മണി.

കരാറുകാരന്റെ ക്ലാസ്—'ഡി' ക്ലാസും അതിനു മുകളിലും.

പ്രവൃത്തി തീർക്കേണ്ട കാലാവധി—9 മാസം.

Gaz. No. 26/2018/DTP (Irrigation).

കേരള ജലസേചന/പൊതുമരാമത്ത് വകുപ്പിൽ 'ഡി' ക്ലാസ്സോ അതിനുമുകളിലോ രജിസ്ട്രേഷനുള്ള അർഹരായ കരാറുകാർക്ക് മാത്രമേ ദർഘാസ് ലഭ്യമാവുകയുള്ളൂ. ദർഘാസ് സംബന്ധമായ വിവരങ്ങൾ താഴെ ഒപ്പു വെച്ചിരിക്കുന്ന ഓഫീസറുടെ കാര്യാലയത്തിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും അറിയാവുന്നതാണ്. ദർഘാസ് പ്രമാണം വാങ്ങിക്കുവാൻ രജിസ്ട്രേഷൻ കാർഡ് കൊണ്ടു വരേണ്ടതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസിനോടൊപ്പം 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏത് സമയത്തും മാറത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

നിരതദ്രവ്യമായി എടുക്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്/കിസാൻ വികാസ് പത്ര എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പണയപ്പെടുത്തിയിരിക്കണം. ഇന്ദിര വികാസ് പത്രങ്ങൾ നിരതദ്രവ്യമായി സ്വീകരിക്കുന്നതല്ല.

കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ 8/3 വകുപ്പ് ഈ ദർഘാസിനും ബാധകമായിരിക്കും. കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

ജി.ഒ. (എം. എസ്.) നമ്പർ 135/97/കോ. ഓപ്പ്. തീയതി 13-11-1997-ലുള്ള നിബന്ധനകൾക്കും വിധേയമായി മാത്രമേ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളിൽ നിന്നും ടെണ്ടറുകൾ സ്വീകരിക്കുകയുള്ളൂ.

മേൽപ്പറഞ്ഞ ഗവൺമെന്റ് ഓർഡർ പ്രകാരം കഴിഞ്ഞ 3 വർഷത്തെ പണി പൂർത്തിയാക്കിയതിന്റെ രേഖകൾ ബന്ധപ്പെട്ട ഓഫീസിൽ നിന്നുതന്നെ കൊണ്ടുവരേണ്ടതാണ്. യാതൊരുകാരണവശാലും അഡ്വാൻസ് പേയ്മെന്റ് നൽകുന്നതല്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ഹൈഡ്രോളജി ഡിവിഷൻ,
ചെമ്പൂക്കാവ്, തൃശ്ശൂർ-20.

(ഒപ്പ്)
എക്സിക്യൂട്ടീവ്
എഞ്ചിനീയർ.

---

ക്വട്ടേഷൻ/ലേല പരസ്യം

നമ്പർ എ2-481/2017. 2018 ജൂൺ 6.

മലപ്പുറം മൈനർ ഇറിഗേഷൻ സബ് ഡിവിഷനു കീഴിൽ കരുവാരക്കുണ്ട് മൈനർ ഇറിഗേഷൻ ഓഫീസ് അധീനതയിലുള്ള താഴെ വിവരിക്കുന്ന മരങ്ങൾ മലപ്പുറം മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ 28-6-2018-ന് രാവിലെ 11 മണിക്ക് തരിശ്ശ് അങ്ങാടിയിൽവച്ച് ക്വട്ടേഷൻ/ലേലം ചെയ്ത് വിൽക്കുന്നതാണ്.

താഴെപ്പറയും പ്രകാരമുള്ള ക്വട്ടേഷനുകൾ 27-6-2018-ന് വൈകുന്നേരം 4 മണി വരെ മലപ്പുറം മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസിൽ സ്വീകരിക്കുന്നതാണ്. പൂരിപ്പിച്ച മുദ്രവച്ച കവറിനുപുറത്ത് പ്രവൃത്തിയുടെ പേരെഴുതിയ ക്വട്ടേഷനുകൾ ടി ഓഫീസിൽ രജിസ്ട്രേഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് വഴി മാത്രം സ്വീകരിക്കുന്നതാണ്. കൊറിയർ സർവ്വീസിൽ അയയ്ക്കുന്നതോ നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ ലേലദിവസം ലേല നടപടികൾ കഴിഞ്ഞ ഉടനെ തുറക്കുന്നതാണ്.

ക്വട്ടേഷനൊപ്പം ` 5,000-ന്റെ നിരതദ്രവ്യവും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും നൽകേണ്ടതാണ്. നിരതദ്രവ്യം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും മലപ്പുറം മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ അധികാരപ്പെടുത്തിയതായിരിക്കണം. നിരതദ്രവ്യം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത ക്വട്ടേഷനുകൾ സാധുവായി സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ നൽകിയവർ 28-6-2018-ന് ലേലസ്ഥലത്ത് നിശ്ചിത സമയത്ത് തന്നെ എത്തേണ്ടതും ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. ലേല സംഖ്യ പരമാവധി വിളിച്ചു കഴിഞ്ഞാൽ തൽസമയം ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ കൂടുതൽ തുക എന്ന് പരിശോധിച്ച് കൂടുതലുള്ള തുകയ്ക്ക് ലേലം കൊള്ളാനുള്ള അവകാശം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം വിളിച്ചെടുക്കാത്തവരുടെ നിരതദ്രവ്യം അന്നേദിവസം ലേലനടപടികൾ തീർന്നയുടനെ മടക്കി നൽകേണ്ടതാണ്. ലേലം/ക്വട്ടേഷൻ താൽക്കാലികമായി സ്വീകരിച്ചാൽ ലേലം/ക്വട്ടേഷനുകളും നിയമാനുസൃതമായ ജി. എസ്. ടി., വനനികുതി, നിയമ പ്രകാരമുള്ള മറ്റ് നികുതികൾ ഉൾപ്പെടെ മുഴുവൻ തുകയും തൽസമയം അടവാക്കി താൽക്കാലിക രശീതി കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കൈപ്പറ്റിയശേഷമേ വസ്തു നീക്കം ചെയ്തു കൊണ്ടുപോകാൻ പാടുള്ളൂ.

ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസിൽ നിന്നും വാങ്ങിയത് അല്ലെങ്കിൽ പൂർണ്ണമായ തിരിച്ചറിയലിന് ഏതെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് നൽകിയ രേഖകൾ (ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, വോട്ടർ ഐഡന്റിറ്റി കാർഡ്) എന്നിവയോ നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുൻപായി ലേലം നടത്തുന്ന ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഇത്തരം രേഖകൾ ഹാജരാക്കാത്തവരെ യാതൊരുകാരണവശാലും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

നിശ്ചിത ദിവസം മുഴുവൻ ലേലവും തീർന്നില്ലെങ്കിൽ അടുത്ത പ്രവൃത്തി ദിവസം 10 മണിക്ക് വീണ്ടും ലേലം തുടരുന്നതാണ്. ജലവിഭവ വകുപ്പിലെ നിലവിലുള്ള മറ്റ് എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ മലപ്പുറം മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും കരുവാരക്കുണ്ട് ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അന്വേഷിച്ചറിയാവുന്നതാണ്. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പ് വസ്തുക്കൾ നേരിട്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ആയതിനുള്ള സൗകര്യം ഓഫീസുമായി ബന്ധപ്പെട്ടാൽ ചെയ്തു തരുന്നതാണ്.

മരം/ഇനം—തേക്ക്—1 എണ്ണം.

സ്ഥിതി ചെയ്യുന്ന സ്ഥലവിവരം—നന്നങ്ങാടിക്കുന്ന് ഭാഗത്ത് കനാൽ ഭൂമിയുടെ സൈഡിൽ നിൽക്കുന്ന തേക്ക്.

റിമാർക്സ്—മലപ്പുറം സോഷ്യൽ ഫോറസ്ട്രി എ. എഫ്. ഒ. യുടെ 8-8-2017-ലെ എ-880/2017(ത.തീ) നമ്പർ ഉത്തരവ്.

ചെറുകിട ജലസേചന വിഭാഗം,
മലപ്പുറം.

(ഒപ്പ്)
അസിസ്റ്റന്റ്
എക്സിക്യൂട്ടീവ്
എഞ്ചിനീയർ.